പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 20 | 04.02.2013 ൽ മറുപടിക്ക്

## മണൽ മാഫിയ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ<br>'' സാജു പോൾ<br>'' കെ. സുരേഷ് കുറുപ്പ്<br>ഡോ. കെ.ടി.ജലീൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) മണൽ ഉറവിടങ്ങളിൽ നിന്നും അവ കൊള്ളയടിക്കുന്നവരുടെ സംഘങ്ങൾ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അനധികൃത മണലൂറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അക്രമി സംഘങ്ങളെ നിയന്ത്രിക്കാൻ പോലീസിന് സാദ്ധ്യമാകാത്തത് എന്തുകൊണ്ട് എന്ന് വിശദമാക്കുമോ; | (എ) യും (ബി) യും } ആകസ്മികമായ റെയ്ഡുകൾ നടത്തിയും വാഹനങ്ങൾ പിടിച്ചെടുത്തും കേസുകൾ രജിസ്റ്റർ ചെയ്തും അനധികൃത മണലൂറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെ നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ വിവിധ പോലീസ് ജില്ലകളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പ്രാദേശികമായി പോലീസിന് ഫലപ്രദമായി ഇടപെടാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് ആഭ്യന്തര വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | യുവജന സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ അടക്കമുള്ള സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ജനമൈത്രീ പോലീസ് സംവിധാനത്തിലൂടെ ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും ഫലപ്രദമായി തടയുന്നതിനും പോലീസിന് സാധിക്കുന്നുണ്ട്. |
| (ഡി) മണൽ ശേഖരങ്ങൾ കൊള്ളയടിക്കുന്നവരുടെ അക്രമങ്ങൾ മൂലം സംഘർഷാവസ്ഥ നിലനിൽക്കുന്ന സ്ഥലങ്ങളെക്കുറിച്ച് അന്വേഷിക്കുമോ; | മണൽ കടത്തുമായി ബന്ധപ്പെട്ട് സംഘർഷാവസ്ഥ നിലനിൽക്കുന്ന പ്രദേശങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ സത്വര നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | മണൽ മാഫിയകളെ നിയന്ത്രിക്കാൻ പോലീസിന് പൂർണ്ണസ്വാതന്ത്ര്യം നൽകുമോ? | (ഇ) | Mining and Mineral Act, 1957, Kerala Protection of River Bank and Removal and Regulation of Sand Act, 2001 എന്നിവ പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവുമാണ് മണൽ മാഫിയകൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം



ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത അനധികൃത മണൽ കടത്ത് കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| Sl. No | District | No. of Case | No. of Arrested | To be arrested | Vehicles Seized | | |
|---|---|---|---|---|---|---|---|
| | | | | | Vehicle | Boat | Bullock Cart |
| 1 | TVPM CITY | 73 | 121 | 6 | 72 | 0 | 0 |
| 2 | TVPM RL | 1923 | 2351 | 140 | 881 | 0 | 0 |
| 3 | KLM CITY | 1562 | 2414 | 602 | 546 | 0 | 0 |
| 4 | KLM RL | 724 | 889 | 104 | 308 | 0 | 0 |
| 5 | PTA | 663 | 490 | 102 | 533 | 0 | 0 |
| 6 | ALPY | 293 | 293 | 4 | 671 | 0 | 0 |
| 7 | KTYM | 586 | 781 | 13 | 216 | 9 | 0 |
| 8 | IDKI | 96 | 108 | 0 | 49 | 0 | 0 |
| 9 | EKM CITY | 85 | 125 | 0 | 58 | 2 | 0 |
| 10 | EKM RL | 941 | 1665 | 65 | 571 | 0 | 0 |
| 11 | TSR CITY | 49 | 56 | 0 | 51 | 0 | 0 |
| 12 | TSR RL | 732 | 814 | 0 | 704 | 0 | 0 |
| 13 | PLKD | 39 | 61 | 33 | 153 | 0 | 2 |
| 14 | MLPM | 1636 | 1590 | 44 | 3246 | 0 | 0 |
| 15 | KKD CITY | 198 | 253 | 0 | 181 | 4 | 0 |
| 16 | KKD RL | 399 | 401 | 5 | 398 | 0 | 0 |
| 17 | WYND | 79 | 80 | 0 | 74 | 0 | 0 |
| 18 | KNR | 1089 | 1118 | 56 | 789 | 92 | 0 |
| 19 | KSGD | 1445 | 1424 | 90 | 1337 | 0 | 0 |
| **TOTAL** | | **12612** | **15064** | **1264** | **10838** | **107** | **2** |